"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനിയറിംഗ് വിഭാഗം - കോഴിക്കോട് ജില്ല - ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിലെ പുന്നച്ചുവട്ടിൽ മരിയന്റെ താഴെറോഡിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധന - ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1868/2026/LSGD തീയതി,തിരുവനന്തപുരം, 04-10-2026

---

പരാമർശം:-

1. വിജിലൻസ് (ഡി) വകുപ്പിന്റെ 22.03.2025-ലെ വിജി-ഡി1/107/2025-വിജി നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 17.02.2025-ലെ E14-(SC-38/2022/KKD)19813/2023/DVACB നമ്പർ കത്തും അനുബന്ധ റിപ്പോർട്ടും
2. 15.12.2025-ലെ ഇ.ഡബ്ല്യൂ.എ2/26/2025-ത.സ്വ.ഭ.വ. നമ്പർ കുറ്റപത്രം / കുറ്റാരോപണപത്രിക.
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സൂരജ് പി.ജി. 23.01.2026 തീയതിയായും, മുൻ അസിസ്റ്റന്റ് എൻഞ്ചിനീയർ ശ്രീ. സുധീർനാഥ് കെ.സി. 24.01.2026 തീയതിയായും സമർപ്പിച്ച പ്രതിവാദപത്രിക
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 14.05.2026-ലെ LSGD/PD/39916/2025-VIGD4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

Operation Saral Rastha 3 യുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിലെ പുന്നച്ചുവട്ടിൽ മരിയന്റെ താഴെ റോഡിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ SC-38/2022/KKD നമ്പറായി 16.09.2022-ൽ മിന്നൽ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് പരാമർശം 1 പ്രകാരം വിജിലൻസ് വകുപ്പ് ലഭ്യമാക്കിയിരുന്നു. വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ 8 ക്രമക്കേടുകൾക്ക് ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. സുധീർനാഥ് കെ.സി. (PEN-439116), പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സൂരജ് പി.ജി.(PEN-440113) എന്നിവർ ഉത്തരവാദികളാണെന്ന് വിജിലൻസ് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാളുകൾക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം

അച്ചടക്കനടപടി ആരംഭിച്ച് പരാമർശം 2 കുറ്റപത്രം / കുറ്റാരോപണ പത്രിക നൽകിയിരുന്നു.

2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സൂരജ് പി.ജി., അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. സുധീർനാഥ് കെ.സി. എന്നിവർ സമർപ്പിച്ച പരാമർശം 3 പ്രതിവാദപത്രിക, പ്രിൻസിപ്പൽ ഡയറക്ടർഅഭിപ്രായക്കുറിപ്പ് സഹിതം പരാമർശം 4 പ്രകാരം ലഭ്യമാക്കുകയുണ്ടായി. രണ്ട് കുറ്റാരോപിതരും സമാനമായ വാദങ്ങളാണ് പ്രതിവാദപത്രികയിൽ ഉന്നയിച്ചിരിക്കുന്നത്. അച്ചടക്കനടപടിയിലെ തുടർനടപടി സ്വീകരിച്ചുവരവേ, അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. സുധീർനാഥ് കെ.സി 31.05.2026-ൽ സേവനത്തിൽ നിന്ന് വിരമിച്ചു.

3. കുറ്റാരോപിതരുടെ വാദങ്ങളും പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായവും ചുവടെ ചേർക്കുന്നു:-

**ക്രമക്കേട് 1 : റോഡിന്റെ Mix Seal Surfacing 20mm കനത്തിൽ ചെയ്യുന്നതിനായി എസ്റ്റിമേറ്റിൽ കാണുന്നുണ്ടെങ്കിലും MoRD മാനദണ്ഡ പ്രകാരം ചെയ്തതായി കാണുന്നില്ല. കൂടാതെ Mix Seal Surfacing-ന്റെ കനം 20 mm എല്ലായിടത്തും പാലിച്ചിട്ടില്ല.**

<u>പ്രതിവാദ പത്രികയിലെ വാദങ്ങൾ</u>

- റോഡിന്റെ Surface Course ആയി ചെയ്തിട്ടുള്ള Mix Seal Surfacing 20mm കനത്തിൽ തന്നെയാണ് ചെയ്തിട്ടുള്ളതും ബിൽ തയ്യാറാക്കി നൽകിയിട്ടുള്ളതും. റോഡ് ടാറിംഗ് പ്രവൃത്തി തുടങ്ങി ഒരു ദിവസത്തിനുശേഷം തന്നെ ചില ഭാഗങ്ങളിൽ മെറ്റൽ പൊളിഞ്ഞ് ഇളകുന്നതായി കാണുകയും അപാകതകൾ പരിഹരിച്ച് നൽകാൻ കരാറുകാരന് PWD Manual പ്രകാരം നോട്ടീസ് നൽകുകയും ചെയ്തിരുന്നു. ആയതിനാൽ ടാറിംഗുമായി ബന്ധപ്പെട്ട പ്രവൃത്തികൾ മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയിരുന്നില്ല.
- ടാറിംഗ് തുടങ്ങിയ സമയത്തുണ്ടായ ശക്തമായ മഴയും, കൂടാതെ അക്കാലത്ത് പ്രചാരത്തിലുണ്ടായിരുന്നതും പിന്നീട് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിരോധിക്കപ്പെട്ടതുമായ (Single drum mixing plant) ടാർമിക്സിംഗ് പ്ലാന്റിന്റെ ബർണറിലുണ്ടായ സാങ്കേതികപ്രശ്നവും കാരണമാണ് മെറ്റൽ പൊളിഞ്ഞിളകിയത് എന്ന് കണ്ടെത്തുകയും മഴ മാറിയ ശേഷം മറ്റൊരു മിക്സിംഗ് പ്ലാന്റ് സ്ഥലത്തെത്തിച്ച് ടാറിംഗ് പ്രവൃത്തി പൂർത്തീകരിക്കാൻ കരാറുകാരന് നോട്ടീസ് നൽകുകയും ചെയ്തിരുന്നു. മഴ മാറിയ ശേഷം ഉടൻതന്നെ പുതിയ മിക്സിംഗ് പ്ലാന്റ് എത്തിച്ച് ടാറിംഗ് ഇളകിയത് പരിഹരിക്കാമെന്ന് കരാറുകാരൻ മറുപടിയും നൽകിയവേളയിലാണ് വിജിലൻസ് സ്ഥലപരിശോധന നടത്തിയത്. ആയതിനാലാണ് മുകളിലെ ലെയർ ചെറുതായി പൊളിഞ്ഞ ഭാഗത്ത് ടാറിന്റെ കനം കുറവുള്ളതായി കാണപ്പെട്ടത്. ഇക്കാര്യങ്ങൾ

വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ അറിയിച്ചതുമായിരുന്നു.

- മഴ മാറിയ ശേഷം പുതിയ മെറ്റീരിയലും മിക്സിംഗ് പ്ലാന്റും സൈറ്റിൽ കരാറുകാരൻ എത്തിക്കുകയും മതിയായ കനത്തിലും ഗുണ നിലവാരത്തിലും ടാറിംഗ് പ്രവൃത്തി തകരാറുകൾ പരിഹരിക്കുംവിധം മുഴുവൻ നീളത്തിലും നടത്തിയതിനുശേഷം മാത്രമാണ് വിജിലൻസിൽ നിന്നും ഫയൽ ലഭ്യമാക്കി എം-ബുക്കിൽ മെഷർമെന്റ് രേഖപ്പെടുത്തുകയും ചെക്ക് മെഷർമെന്റ് ചെയ്യുകയും ചെയ്തിട്ടുള്ളത്.
- മേൽ സൂചിപ്പിച്ച റെക്ടിഫിക്കേഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് മുൻപായി ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാങ്കേതിക ഉപദേശം സൈറ്റിൽ വെച്ച് തേടുകയും ചെയ്തിരുന്നു. കൂടാതെ ടാറിംഗിന്റെ കനം, ഗുണനിലവാരം എന്നിവ ഉറപ്പുവരുത്തുന്നതിനായി Bitumen Extraction Test നടത്തുകയും ചെയ്തിരുന്നു. കൃത്യമായ അളവിലും ഗുണമേന്മയിലും MoRD Specification പ്രകാരം തന്നെയാണ് ടാറിംഗ് റക്ടിഫിക്കേഷൻ പ്രവൃത്തി നടത്തിയിട്ടുള്ളത്. സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയും അതുമൂലം ഉണ്ടായിട്ടില്ല.

<u>പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ്</u>

അപാകതകൾ കണ്ട ഉടൻതന്നെ അവ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കുകയും പരിഹരിച്ച ശേഷം ആവശ്യമായ ലാബ് ടെസ്റ്റുകൾ നടത്തി ഗുണമേൻമ ഉറപ്പാക്കുകയും ചെയ്തിട്ടുള്ളതിനാൽ നൽകിയ മറുപടി അംഗീകരിക്കാവുന്നതാണ്.

**ക്രമക്കേട് 2: റോഡ് പ്രവൃത്തി കാലാവധി പൂർത്തിയായിട്ടില്ലെങ്കിലും ചെറുതും വലുതുമായ ധാരാളം കുഴികൾ മിന്നൽപരിശോധനയിൽ കാണപ്പെട്ടു.**

<u>പ്രതിവാദപത്രികയിലെ വാദങ്ങൾ</u>

നിലവിലെ റോഡിന്റെ റീടാറിങ് പ്രവൃത്തി മാത്രമാണ് ഈ എസ്റ്റിമേറ്റിൽ പ്രധാനമായും ചെയ്യാനുണ്ടായിരുന്നത്. റീ ടാറിങ് നടന്ന ഉടൻതന്നെയുണ്ടായ ശക്തമായമഴയും മലയോര പ്രദേശമായതിനാൽ അതോടനുബന്ധിച്ചുണ്ടായ ശക്തമായ ഉറവയുമാണ് ചില ഭാഗങ്ങളിൽ കുഴികൾ രൂപപ്പെടാൻ കാരണമായത്. റീടാറിങ്ങും SubBase-ന് നാശം സംഭവിച്ചതും കരാറുകാരൻ സ്വന്തം ചെലവിൽ റിപ്പയർ ചെയ്തുനൽകിയിട്ടുള്ളതാണ്. DLP-ക്ക് ശേഷം ഇപ്പോഴും റോഡ് ഗുണനിലവാരത്തോടുകൂടി സ്ഥിതിചെയ്യുന്നുണ്ട്.

<u>പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ്</u>

വിജിലൻസിന്റെ മിന്നൽ പരിശോധന റിപ്പോർട്ടിന്റെ പേജ് 8-ൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്നും DLP കാലയളവിൽ നാശനഷ്ടങ്ങൾ പരിഹരിച്ചതായും പരാമർശിച്ചിട്ടുള്ളതിനാൽ പ്രതിവാദപത്രികയിലെ വാദം അംഗീകരിക്കാവുന്നതാണ്.

**ക്രമക്കേട് 3: റോഡ് ചെയിനേജ് 650 മുതൽ 660 മീറ്റർ വരെ (10 മീറ്റർ x 3.30 മീറ്റർ) ടാറിംഗ് പ്രവൃത്തി കഴിഞ്ഞയുടനെ ടാറിംഗ് പൂർണ്ണമായി പൊട്ടിപ്പൊളിഞ്ഞത് പ്രവൃത്തിയുടെ മോശം ഗുണനിലവാരം കൊണ്ടാണെന്ന് മിന്നൽപരിശോധനയിൽ മനസിലാകുന്നു.**

<u>പ്രതിവാദപത്രികയിലെ വാദങ്ങൾ</u>

പ്രസ്തുത ചെയിനേജിൽ റീടാറിങ് പ്രവൃത്തി മാത്രമാണ് ചെയ്യാനുണ്ടായിരുന്നത്. എന്നാൽ ശക്തമായ മഴയും ഉറവയും കാരണം ഏകദേശം 20 വർഷം മുൻപ് ചെയ്ത Sub Base ലെയർ താഴ്ന്നുപോവുകയും ആയതിനാൽ ഈ എസ്റ്റിമേറ്റ് പ്രകാരം ചെയ്ത റീടാറിങ് തകർന്നുപോവുകയുമാണുണ്ടായത്. പിന്നീട് കരാറുകാരന് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഴയ റോഡിന്റെ അടിയിലുണ്ടായിരുന്ന ചെളിമണ്ണുമായി കൂടിക്കുഴഞ്ഞ കല്ലുകൾ എടുത്ത് മാറ്റി GSB, WMM ലെയറുകൾ നൽകി, ടാറിങ്ങും നടത്തി കോൺട്രാക്ടറുടെ സ്വന്തം ചെലവിൽ സർക്കാരിന് നഷ്ടം സംഭവിക്കാത്ത വിധം അപാകത പരിഹരിച്ചിരുന്നു. പ്രസ്തുത ചെയിനേജും ഇപ്പോൾ ഗുണനിലവാരത്തോടുകൂടി നിലനിൽക്കുന്നുണ്ട്.

<u>പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ്</u>

സർക്കാരിന് നഷ്ടമില്ലാത്തതിനാലും റോഡ് പൂർണ്ണമായും ഗുണനിലവാരത്തോടെ നിലനിൽക്കുന്നതിനാലും നല്കിയ മറുപടി അംഗീകരിക്കാവുന്നതാണ്.

**ക്രമക്കേട് 4: റോഡിന്റെ ഇരുവശങ്ങളിലും ചെയ്ത കോൺക്രീറ്റ് (ഐറിഷ് വർക്ക്) പ്രവൃത്തിക്ക് വേണ്ടത്ര നിലവാരമോ കനമോ (Thickness) മിന്നൽപരിശോധനയിൽ കാണുന്നില്ല.**

<u>പ്രതിവാദപത്രികയിലെ വാദങ്ങൾ</u>

പഴയ റോഡായതിനാലും ചില ഭാഗങ്ങളിൽ നിലവിൽ കരിങ്കൽകെട്ടുള്ളതിനാലും ഐറിഷ് കോൺക്രീറ്റ് എസ്റ്റിമേറ്റിൽ സൂചിപ്പിച്ച കനം എല്ലാഭാഗങ്ങളിലും പ്രായോഗികമല്ല. ആയതിനാലാണ് വിജിലൻസിന്റെ പരിശോധനയിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള കനം കാണാൻ സാധിക്കാതെ വന്നത്. പ്രായോഗികമായി ഓരോ ചെയിനേജിലും നൽകുവാൻ സാധിക്കുന്ന കനം ഐറിഷ് കോൺക്രീറ്റിന് നൽകുകയും കോൺട്രാക്ടർ ചെയ്ത അളവിന് മാത്രം തുക നൽകുകയുമാണ് ചെയ്തിട്ടുള്ളത്. ഗുണനിലവാരം Compression Testing നടത്തി ഉറപ്പുവരുത്തിയിട്ടുണ്ട്. ആവശ്യമായ എല്ലാ ടെസ്റ്റുകളും അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് മുഖേന നടത്തിയിരുന്നു.

<u>പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ്</u>

സർക്കാരിന് സാമ്പത്തിക നഷ്ടമില്ലാത്തതിനാൽ പ്രതിവാദപത്രികയിലെ വാദം

അംഗീകരിക്കാവുന്നതാണ്.

**ക്രമക്കേട് 5: ഫയൽ പരിശോധിച്ചതിൽ എസ്റ്റിമേറ്റിലും കരാറിലും പറയുന്ന earth work നടന്നതായി കാണുന്നില്ല. എസ്റ്റിമേറ്റിൽ പറഞ്ഞ പ്രകാരമുള്ള പ്രവൃത്തികൾ എം.ബുക്കിൽ പൂർണ്ണമായി കാണുന്നില്ല. ക്രമനമ്പർ 2,7,8,9,11 എന്നീ പ്രവർത്തനങ്ങളുടെ അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. ഈ പ്രവൃത്തികൾ ചെയ്തോ എന്നും വ്യക്തമല്ല.**

<u>പ്രതിവാദപത്രികയിലെ വാദങ്ങൾ</u>

- ഇനം 2 ഐറിഷ് ചെയ്യാൻ ആവശ്യമായ കുഴി തയ്യാറാക്കലാണ്. എന്നാൽ നിലവിലെ റോഡും അരികിലെ ഷോൾഡറും തമ്മിൽ ലെവൽ വ്യത്യാസമുള്ളതിനാൽ Earth Work Excavation കാര്യമായി ചെയ്യേണ്ട സാഹചര്യം സൈറ്റിൽ ഉണ്ടായിരുന്നില്ല. ആയതിനാലാണ് പ്രസ്തുത ഇനം റെക്കോർഡ് ചെയ്യാതിരുന്നത്. ബിൽ കോപ്പിയിൽ ഈ ഇനത്തിന് തുക കരാറുകാരന് നൽകിയിട്ടില്ലാത്തതിനാൽ സർക്കാരിന് ഈ ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടില്ല.
- ഇനം 7,8,9 എന്നിവ വ്യത്യസ്ത ഇനങ്ങളായിട്ടാണ് സ്പെസിഫിക്കേഷനിലും എസ്റ്റിമേറ്റിലും ഉള്ളതെങ്കിലും (track coast on old surface, track cost on new surface, Mix Seal Surfacing tarring എന്നിവ) ഇവ ഒരുമിച്ചാണ് സൈറ്റിൽ നടപ്പിലാക്കുന്നത്. 9-ാ മത്തെ ഇനമായ Mix Seal Surfacing tarring അപാകതകൾ പരിഹരിക്കുവാൻ കരാറുകാരന് നിർദ്ദേശം നൽകിയിരുന്നതിനാലാണ് ഇവ എം.ബുക്കിൽ രേഖപ്പെടുത്താൻ സാധിക്കാതെ വന്നത്. ഈ മൂന്ന് ഇനങ്ങളും പിന്നീട് തൃപ്തികരമായി പൂർത്തീകരിച്ചശേഷം എം.ബുക്കിൽ രേഖപ്പെടുത്തുകയും കരാറുകാരന് ബിൽ നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എൻജിനീയറിങ് കോളേജിൽ (NIT) നിന്നും ടെസ്റ്റ് റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.
- ഇനം 11 ഐറിഷ് കോൺക്രീറ്റ് ആണ്. റോഡിന്റെ ടാറിംഗ് പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിച്ചശേഷം ഐറിഷ് കോൺക്രീറ്റിന്റെ അളവ് കൃത്യമായി പരിശോധിച്ച് എം.ബുക്കിൽ റെക്കോർഡ് ചെയ്യുകയും മെഷർമെന്റും ബില്ലും തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്.

<u>പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ്</u>

കുറ്റാരോപിതരുടെ വാദം അംഗീകരിക്കാവുന്നതാണ്.

**ക്രമക്കേട് 6: കരാറിൽ ചെയ്യേണ്ടതായി കാണിച്ചിരിക്കുന്ന പ്രവൃത്തികളെല്ലാം റോഡിൽ ചെയ്തതായി അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. സുധീർനാഥ് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻഞ്ചിനീയർ ചെക്ക് മെഷർചെയ്തതായും കാണിച്ചിട്ടുണ്ട്. എന്നാൽ എം.ബുക്കിൽ കാണിച്ചിരിക്കുന്ന തരത്തിലുള്ള ജോലികൾ റോഡിൽ ചെയ്തതായി മിന്നൽപരിശോധനയിൽ കാണുന്നില്ല.**

<u>പ്രതിവാദപത്രികയിലെ വാദങ്ങൾ</u>

കരാറിൽ ചെയ്യേണ്ടതായ പ്രവൃത്തികളിൽ സൈറ്റ് കണ്ടിഷൻ പ്രകാരം അനിവാര്യമായവ ചെയ്യുകയും അവയ്ക്ക് ബിൽ തയ്യാറാക്കി നൽകുകയുമാണ് ചെയ്തിട്ടുള്ളത്. അന്യായമായ യാതൊരു മെഷർമെൻറും കോൺട്രാക്ടർക്ക് നൽകിയിട്ടില്ല. കൂടാതെ ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും വന്നിട്ടുള്ള മാറ്റങ്ങൾക്ക് വിധേയമായി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഭരണ, സാങ്കേതിക അനുമതികൾ ലഭ്യമാക്കിയിട്ടുള്ളതുമാണ്.

<u>പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ്</u>

സൈറ്റിൽ അനിവാര്യമായ അളവിൽ പ്രവൃത്തികൾ നടത്തുകയും ആയതുമാത്രം മെഷർമെന്റ് തയ്യാറാക്കുകയും ചെയ്ത നടപടിയിൽ സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടായിട്ടില്ലാത്തതിനാൽ കുറ്റാരോപിതരുടെ വാദം അംഗീകരിക്കാവുന്നതാണ്.

**ക്രമക്കേട് 7: എം.ബുക്കിൽ 24.03.2022-ൽ Item No. 1 ആയി കാണിച്ചിരിക്കുന്നത് 25.03.2022-ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തതായികാണുന്നു. എന്നാൽ പ്രസ്തുത സ്ഥലത്തെ പണിയിലെ അപാകതകളൊന്നും ഉദ്യോഗസ്ഥർ കണ്ടെത്തിയതായിട്ടോ നോട്ടീസ് നൽകിയതായിട്ടോ ഫയലിൽ കാണുന്നില്ല.**

<u>പ്രതിവാദപത്രികയിലെ വാദങ്ങൾ</u>

ഇനം 1-ൽ എസ്റ്റിമേറ്റ് പ്രകാരം ചെയ്യാനുള്ളത് റീ ടാറിങ്ങിന് മുൻപായി റോഡിലും വശങ്ങളിലും കാലാകാലങ്ങളിലായി കൂടിക്കിടക്കുന്ന മണ്ണ് ഒഴിവാക്കുന്നതാണ്. ഇത് സൈറ്റിൽ നടപ്പിലാക്കിയിട്ടുള്ളതും pre measurement ഉം since done ഉം ആയി എം-ബുക്കിൽ രേഖപ്പെടുത്തിയതുമാണ്. ഈ പ്രവൃത്തിയിൽ അപാകതകൾ സംഭവിച്ചിട്ടില്ല.

<u>പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ്</u>

മറുപടി തൃപ്തികരമായതിനാലും സർക്കാരിന് നഷ്ടം സംഭവിച്ചിട്ടില്ലാത്തതിനാലും കുറ്റാരോപിതരുടെ വാദം അംഗീകരിക്കാവുന്നതാണ്.

**ക്രമക്കേട് 8: റോഡ് ടാറിംങ്ങിന് ഉപയോഗിച്ച അസംസ്കൃത വസ്തുക്കളുടെ ഗുണനിലവാരം പരിശോധിച്ചതായി കാണുന്നില്ല.**

<u>പ്രതിവാദപത്രികയിലെ വാദങ്ങൾ</u>

ടാറിങ് പ്രവൃത്തികളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രധാന ടെസ്റ്റായ Bitumen Extraction Test, NIT Calicut-ൽ നിന്ന് നടത്തി ഗുണനിലവാരം ഉറപ്പ വരുത്തിയിട്ടുള്ളതാണ്. പ്രവൃത്തിയുടെ Defect Liability Period കഴിഞ്ഞ് ഇപ്പോഴും

നല്ലനിലവാരത്തോടെ തന്നെ റോഡ് നിലനിൽക്കുന്നുണ്ട്.

<u>പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ്</u>

റോഡ് റീടാറിംഗ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് അനിവാര്യമായ എല്ലാ ലാബ്ടെസ്റ്റുകളും നടത്തിയിട്ടുള്ളതും ആയത് ജില്ലാപഞ്ചായത്ത് ഫയലിൽ സൂക്ഷിച്ചിട്ടുള്ളതും ഗുണമേൻമ ഉറപ്പ് വരുത്തിയിട്ടുള്ളതായി ബോധ്യപ്പെട്ടതിനാലും നൽകിയ മറുപടി അംഗീകരിക്കാവുന്നതാണ്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ ചങ്ങരോത്ത് പുന്നച്ചുവട്ടിൽ മരിയന്റെതാഴെ റോഡ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് 16.09.2022-ൽ SC-38/2022/KKD നമ്പറായി വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയുടെ റിപ്പോർട്ട്, കുറ്റാരോപിതരുടെ പ്രതിവാദപത്രിക, പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ് എന്നിവ പരിശോധിച്ചതിൽ, റോഡ് പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള ടെസ്റ്റുകൾ കരാറുകാരന്റെ ചെലവിൽ നടത്തിയിട്ടുണ്ട് എന്നും ഉദ്യോഗസ്ഥർ കൃത്യസമയത്ത് ഇടപെട്ട് കരാറുകാരനെക്കൊണ്ട് അപാകതകൾ സ്വന്തം ചെലവിൽ പുനഃസ്ഥാപിപ്പിച്ചു എന്നും Defect Liability Period കഴിഞ്ഞിട്ടും റോഡ് നിലവിൽ തകരാറുകളില്ലാതെ നല്ലരീതിയിൽ നിലനിൽക്കുന്നു എന്നും കോൺട്രാക്ടർ ചെയ്ത അളവിന് മാത്രമാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത് എന്നും ബോധ്യപ്പെടുന്നു. കൂടാതെ ടി പ്രവൃത്തി തൃപ്തികരമാണെന്ന കോഴിക്കോട് ജില്ലാപഞ്ചായത്ത് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും കോഴിക്കോട് ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ സാക്ഷ്യപത്രവുമുണ്ട്.

5. മേൽസാഹചര്യത്തിൽ, കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ ചങ്ങരോത്ത് പുന്നച്ചുവട്ടിൽ മരിയന്റെതാഴെ റോഡ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിലെ കണ്ടെത്തലുകളുടെയും വിജിലൻസ് ശിപാർശയുടെയും അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സൂരജ് പി.ജി. (PEN-440113), റിട്ട. അസിസ്റ്റന്റ് എൻജിനീയർ ശ്രീ. സുധീർനാഥ് കെ.സി.(PEN-439116) എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്കനടപടിയിലെ തുടർനടപടികൾ അവസാനിപ്പിച്ച് ടിയാളുകളെ കുറ്റവിമുക്തരാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഇന്ദു.എസ്.
അഡിഷണൽ സെക്രട്ടറി

1. ശ്രീ. സൂരജ് പി.ജി. (PEN-440113), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ.
2. ശ്രീ. സുധീർനാഥ് കെ.സി.(PEN-439116), റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ
   **(1, 2 - തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)**
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. **(ഉത്തരവ് പ്രകാരമുള്ള തുടർനടപടികൾ അടിയന്തരമായി നടപ്പാക്കുന്നതിനായി)**

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
5. തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.ബി) വകുപ്പ് (DPC ലിസ്റ്റ് തയ്യാറാക്കുന്നതിലേക്കായി)
6. വിജിലൻസ് (ഡി) വകുപ്പ് (05.09.2026-ലെ VIG-D1/107/2025-VIG പ്രകാരം)
7. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ,തിരുവനന്തപുരം
8. വെബ് & ന്യൂ മീഡിയ,വിവര പൊതുജനസമ്പർക്ക വകുപ്പ്
9. സ്റ്റോക്ക് ഫയൽ (EWA2/26/2025-LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Dileep D
Date: 05-10-2026
10:32:21

സെക്ഷൻ ഓഫീസർ